# രാജയോഗിനി.

E 334



വി. ഉണ്ണികൃഷ്ണൻ നായർ, ബി. എ.

1925
E 334

# രാജയോഗിനി.

MALAYINKEEL

വി. ഉണ്ണിക്കൃഷ്ണൻ നായർ ബി. എ.

E-334

ഒന്നാംപതിപ്പ്.

(കോപ്പി 1000.)

B. V. Book Depot
Trivandrum.

1928.

Price 6 As.] [വില അണ. 6.

പകപ്പവകാശം ഗ്രന്ഥകത്താവിന്നു്.

ശ്രീരാമകൃഷ്ണോദയം പ്രസ്സ്,

ഒലവക്കോട്.

[library stamp]

# മംഗളം

---

സ്ഫീതശ്രീ തങ്കിടുമ്മാറവിരളമുരളീ
നാളികാനിർഗ്ഗളൽസം-
ഗീതത്തെക്കേട്ടു വൃന്ദാവനഭുവി വിഹരി-
ച്ചോരു ഗോപീസഹസ്രാ
ഏതച്ചൂസ്നിഗ്ദ്ധനീലഛവിതഴുകിടു
മാകാരമോർത്തോർത്തുഹർഷ-
സ്രോതസ്സിങ്കൽക്കുളിച്ചാർ, മമ മനസി
കളിക്കേണമക്കള്ള രൂപം.

---

# പ്രസ്താവന.

ഉത്തരഭാരതത്തിലും മദ്ധ്യദേശത്തിലും പ്രചരിച്ചു പോരുന്ന വൈഷ്ണവഗാനങ്ങളിൽ പലതും "മീരാബായ്" എന്ന പവിത്രനാമമുദ്രയാൽ അങ്കിതമായിട്ടുള്ളവയാണ. ഭാഷാവ്യത്യാസം നിമിത്തം ആ ഗാനങ്ങൾക്ക ദക്ഷിണാപഥത്തിൽ പ്രചാരമില്ലെങ്കിലും അവയുടെകത്തൃത്വം വഹിക്കുന്ന രാജയോഗിനിയുടെ നാമധേയം പലക്കും പരിചിതമല്ലെന്നില്ല- അഥവാ, രാജസ്ഥാനോദ്യാനത്തിൽ വികസിച്ച ഒരു മനോജ്ഞകുസുമത്തിൻെറ പരിശുദ്ധ പരിമളം അചിരേണ ഭാരതമണ്ഡലത്തിലെങ്ങും പടന്നതിലെന്താണാശ്ചയ്യം? കസ്തൂരികാമോദം ശപഥത്താൽ എത്രമാത്രം അനിവാൎയ്യമാണോ അത്രതന്നെ അനിവാൎയ്യമാണല്ലോ ഗുണവാന്മാരുടേയും ഗുണവതികളുടേയും യശസ്സൌരഭ്യവും.

പരിപാവനമായ ചരിത്രാന്തരീക്ഷത്തിൽ ചാരിത്രപ്രഭ വീശി പ്രശോഭിക്കുന്ന ആ അരുന്ധതീ നക്ഷത്രത്തിൻെറ അപദാനങ്ങളെ വേണ്ടുംവണ്ണം വൎണ്ണിക്കുവാൻ വശ്യവചസ്സായ മഹാകവിക്കല്ലാതെ അല്പജ്ഞരായ അസ്മാദൃശക്ക കഴിയുന്നതല്ല. എങ്കിലും "തദ്ഗുണൈഃ കൎണ്ണമാഗത്യ ചാപലായ പ്രചോദിതഃ" എന്നുമഹാകവി കാളിദാസൻ പറഞ്ഞതപോലേ പുണ്യവതിയായ മീരാബായിയുടെ അത്ഭുതചരിത്രത്തെ കുറിച്ചുള്ള അത്യാദരമാണ് എന്നെ ഈ

കാവ്യനിർമ്മാണ സാഹസത്തിലേക്ക പ്രേരിച്ചത്. 'രാജയോഗിനി' യുടെ പാരായണം കേരളീയരിൽ ചിലക്കെങ്കിലും രുചിക്കാനിട വരുന്നപക്ഷം എൻെറ ഉദ്യമം അസ്ഥാനത്തിലായിട്ടില്ലെന്നു കരുതി ഞാൻ സമാധാനിച്ചുകൊള്ളാം.

യവനചക്രവർത്തികളുടെ അധികാരസീമയ്ക്കു കീഴടങ്ങാത്ത ഒരു രാജപുത്രകുടുംബമായിരുന്നു വളരെക്കാലത്തോളം മീവാർ രാജ്യത്തിൻെറ ആധിപത്യം വഹിച്ചിരുന്നതു്. അക്ബർ ചക്രവർത്തിയുടെ ഭരണകാലത്തു് ആ രാജ്യം വാണിരുന്നത് മഹാറാണ കുംഭനായിരുന്നു. അദ്ദേഹത്തിൻെറ പട്ടമഹിഷിയായിരുന്നു ഈ കാവ്യത്തിലെ നായികയായ റാണി മീരാബായ്.

ഈ രാജദമ്പതികൾ, 'മണിനാ വലയം വലയേന മണിഃ' എന്നു പറഞ്ഞകൂട്ടത്തിൽ, 'പരസ്പരതപസ്സമ്പൽഫലായിത പരസ്പര'രായി ദാമ്പത്യത്തിൻെറ പ്രത്യഗ്രദശയെ പ്രേമസംഗീതമയമായ ഒരുസ്വപ്നാവസ്ഥയെ എന്നപോലെ തരണം ചെയ്തു. എന്നാൽ, കാലക്രമേണ രാജകുമാരൻ സിംഹാസനത്തിന്നവകാശിയായിത്തീർന്നതോടുകൂടി, അദ്ദേഹത്തിൻെറ പ്രേമത്തിനുണ്ടായിരുന്ന മാർദ്ദവം കുറയുവാനും, അതിൻെറ സ്ഥാനത്തു്, ഗൃഹാശ്രമത്തിൻെറ പ്രശാന്തരാമണീയകത്തെ മലിനീകരിക്കുന്ന ഒരു കാർക്കശ്യം ആവിർഭവിക്കുവാനും ഇടയായി. റാണി

യുടെ പ്രേമമാവട്ടേ കാലംചെല്ലുംതോറും പൂർവ്വാധികം തെളിയുകയാണു ചെയ്യുന്നതു്. ചുരുക്കിപ്പറകയാണെങ്കിൽ, രാജാവു് സ്വാതന്ത്ര്യാഭിമാനത്തേയും, രാജ്ഞി പരിശുദ്ധപ്രേമത്തേയും പരമാദർശങ്ങളാക്കി ഭിന്നമാർഗ്ഗങ്ങളിൽ പ്രവൃത്തിച്ചുപോന്നു.

തന്റെ രാജ്ജീവിതക്രമത്തിൽ, രാജ്ഞി ഭാഗഭാക്കാകാത്തതുകൊണ്ടുള്ള ഈർഷ്യതന്നെ രാജാവിനെ അത്യധികം അസ്വസ്ഥനാക്കിയിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണു് അവരുടെ അകൽച്ച അധികമാക്കിത്തീർക്കാൻ സഹായിച്ച ഒരു സംഭവമുണ്ടായതു്. മീരാബായ് മിക്കസമയത്തും തന്റെ ഉദ്യാനഗൃഹത്തിൽ ചെന്നിരുന്നു് ശ്രീകൃഷ്ണഭഗവാനെ പൂജിക്കുകയും വൈഷ്ണവഗാനങ്ങൾപാടി സ്തുതിക്കുകയും പതിവായിരുന്നു. മീരാബായിയുടെ മധുരകീർത്തനങ്ങൾ വിന്ധ്യാചലം മുതൽ ഹിമാലയം വരെ സകലജനങ്ങളും കൊണ്ടാടുകയും ചെയ്തിരുന്നു. ഗുണജ്ഞനായ അക്ബർ ചക്രവർത്തിയുടെ ചെവിയിലും ഈ വൃത്താന്തം എത്താതിരുന്നില്ല. ഹൈന്ദവസംസ്കാരത്തെക്കുറിച്ചു് സവിശേഷമായ ബഹുമാനമുണ്ടായിരുന്ന ആ യവനചക്രവർത്തിക്കു് പുണ്യശ്ലോകയായ മീരാബായിയെ ഒരുനോക്കു് കണ്ടു വന്ദിക്കാനുള്ള ആഗ്രഹം കലശലായി- ആ രാജയോഗിനിയുടെ ഗാനമന്ദാകിനിയിൽ മുങ്ങുവാനുള്ള അത്യാശയോടുകൂടി ഒരിക്കൽ ചക്രവർത്തിയും രാജധാനിയിലെ ഗായകകവിയും

ആരുമറിയാതെ, പ്രഛന്നവേഷരായി മീരാബായിയുടെ ഭജനമന്ദിരത്തിൽ എത്തിച്ചേൎന്നു. അനേകം ഭക്തന്മാർ വന്നുപോയ്ക്കൊണ്ടിരുന്ന ആസ്ഥലത്തു് വെച്ചു് അവരാരാണെന്നാൎക്കും സംശയിക്കാനിടയുണ്ടായിരുന്നില്ല. ദേവിയെ ദൎശിച്ചു് അവർ തിരിച്ചുപോകുമ്പോൾ അക്ബർ ഒരു വെറും പൂമാലയ്ക്കുള്ളിൽ അമൂല്യമായ ഒരു വൈരക്കൽ മാല ഒളിപ്പിച്ചു വെച്ചു് രാജ്ഞിയ്ക്കു സമ്മാനിച്ചു. അവർ പോയശേഷമാണ് അതിലൊരു രത്നമാലയുണ്ടെന്ന രഹസ്യം രാജ്ഞിയ്ക്കുമനസ്സിലായതു്. ഏതായാലും, തന്റെ ആരാധനാമൂൎത്തിയായ രാധാരമണനെ ഉദ്ദേശിച്ചു് ഒരു ഭക്തൻ സമൎപ്പിച്ച ഉപഹാരം ഭഗവദ്വിഗ്രഹത്തിൽ പരിലസിക്കുന്നതിൽ യാതൊരനൌചിത്യവും ഇല്ലെന്നുതോന്നുകയാൽ, ദേവി യഥാപൂൎവ്വം സ്വകൃത്യവ്യാപൃതയായി.

അപവാദങ്ങൾ ആദ്യമായി ആവിർ ഭവിക്കുന്നതെങ്ങിനെയാണെന്നു ആൎക്കും അറിയുവാൻ കഴിയാറില്ല. 'ഒരുത്തനുണ്ടാക്കിയ ദുഷ്പ്രവാദം പരത്തുവാനാളുകളുണ്ടസംഖ്യം' എന്നാണല്ലോ ആപ്തവാക്യം. ഏതൊരുവനാണാദ്യമായി ഒരപഖ്യാതി പുറത്തിറക്കുന്നതെന്ന അന്വേഷിച്ചിട്ടു പ്രയോജനമില്ല. അത്തരത്തിലാണ് രാജ്ഞിക്കു കിട്ടിയ രത്നമാല്യത്തെ കുറിച്ചുണ്ടായ അപവാദവും—ആളുകൾപലതും പറഞ്ഞുതുടങ്ങി. രാജാവിന്നു അരിശംമുഴുത്തു. മാലയുടെഉടമസ്ഥൻ മുഗൾ ചക്രവൎത്തി യാണെന്നു

എല്ലാവരും തീരുമാനിച്ചു കോപാക്രാന്തനായ ഭത്താവു പത്നിയെ മരണശിക്ഷയ്ക്കും വിധിച്ചു.—

നാട്ടുകാർക്കൊക്കെ കണ്ണിലുണ്ണിയായിരുന്ന റാണിയുടെ പേരിൽ ഇങ്ങിനെയൊരക്രമം പ്രവത്തിക്കുവാൻ രാജാവു് തീച്ചപ്പെട്ടുത്തിയതു ജനങ്ങളെ അത്യന്തം ദുഃഖാകുലരാക്കി. രാജശാസനം നിറവേററുവാൻ ആരുമുണ്ടായില്ല. ഒടുവിൽ, രാജ്ഞി, തന്നെക്കൊണ്ടുണ്ടായ കുഴപ്പം തൻെറ തിരോധാനത്താൽ ശമിക്കുമെന്നു കരുതി അവിടെനിന്നു പുറത്തേക്കിറങ്ങി. സവ്വവും സവ്വേശ്വരനായ ഗോപികാരമണനിൽ സമപ്പിച്ചു് ആ സാധ്വീരത്നം കാലവാതാഹതമായി ലോകമഹാസമുദ്രത്തിൻെറ ദ്രുതപ്രവാഹത്തിൽ ഒഴുകിപ്പോയി!

ഒരുചെറുകാററടി ഏററാൽ പൊട്ടുന്നനവേ അണഞ്ഞുപോകുന്ന കൈവിളക്കല്ലാ ചാരിത്രം. ഏതുചുഴലിക്കാററിൻെറ ചീററലോററാലും മങ്ങാത്ത ദിവ്യനക്ഷത്രമാണതു്. തൽക്കാലം മീവാർ ഭൂമണ്ഡലത്തിൽ നിന്നു തിരോധാനം ചെയ്ത ആപുണ്യനക്ഷത്രം അചിരേണ വൃന്ദാവനാന്തരീക്ഷത്തിൽ പ്രത്യക്ഷമായി. ആതേജഃപുഞ്ജത്തിൽ നിന്നു നിഗ്ഗമിച്ച കാന്തിപ്രവാഹം ലോകത്തിലെങ്ങും വഴിഞ്ഞൊഴുകി. സ്വാത്ഥാന്ധകാരത്തിൽപെട്ടു വഴിപിഴച്ചമഹാറാണകുംഭൻെറ ഹൃദയാന്തരാളത്തിലും ഈ ദ്യുതിയുടെ വൈദ്യുതശക്തിക്കു അവകാശം ലഭിച്ചു- സദാചാരമാഗ്ഗ

ത്തിൽനിന്നു താൻ എത്രമാത്രം വ്യതിചലിച്ചു പോയിട്ടു ണ്ടെന്ന പരമാൎത്ഥം അപ്പോഴാണു് അദ്ദേഹത്തിന്ന ബോധാവനനതു്. ആ ജ്ഞാനോദയത്തോടുകൂടി റാണിയുടെ ദുരഭിമാനമെല്ലാം അസ്തമിച്ചു. സഹധൎമ്മിണിയുടെ സ്ഥാനത്തുനിന്നു് താൻ പരിഭ്രഷ്ടയാക്കിയ പതിവ്രതയെ വൃന്ദാവനത്തിൽ ചെന്നുകണ്ടു ക്ഷമായാചനം ചെയ്യുന്നതുവരെ തനിക്കു വിശ്രമമില്ലെന്നു ആ പശ്ചാത്താപാതുരൻ തീൎച്ചപ്പെടുത്തി- അങ്ങിനെതന്നെ, വൃന്ദാവനത്തിലേക്കു ഒരു പരിവ്രാജകൻെറ വേഷത്തിൽ യാത്രചെയ്തു ചിരതപസ്വിനിയായ തൻെറ സഹധൎമ്മിണിയെ സന്ദർശിച്ചു മഹാറാണ സ്വാപരാധങ്ങൾക്കെല്ലാം പ്രായശ്ചിത്തം വരുത്തി.

ഇതാണു് ഈ ലഘു കാവ്യത്തിന്നു വിഷയീഭൂതമായ ഇതിവൃത്തം.

സീത, സാവിത്രി, ദമയന്തി, മുതലായ സതീരത്നങ്ങളുടെ ജന്മഭൂമിയായ ഭാരതാംബയുടെ മടിത്തട്ടിൽ ഇത്തരത്തിലുള്ള ഉത്തമസന്താനങ്ങൾ എത്രയെത്ര കളിച്ചുവളൎന്നിട്ടുണ്ടായിരിക്കണം! അവരുടെ അപദാനങ്ങൾ ഇടക്കിടയ്ക്കെങ്കിലും സ്മരിക്കേണ്ടതു നമ്മുടെ കൎത്തവ്യമല്ലേ?

ആവിധമൊരു സ്മരണം അങ്കുരിപ്പിക്കുവാൻ ഈ ലഘുകാവ്യം പൎയ്യാപ്തമാകുമെങ്കിൽ അതുതന്നെയാണെനിക്കുള്ള ചാരിതാൎത്ഥ്യം.

പാലക്കാട്. 15-12-1928.

വി. ഉണ്ണികൃഷ്ണൻ നായർ.



V. UNNIKRISHNAN NAYAR. B. A.

1925
E. 334

# രാജയോഗിനി.

## പ്രഥമഖണ്ഡം.

(അന്നനട)

1. പരമപാവന ചരിതരാം മുനി
വരരരുളിന ഭരതമേദിനി
ചിരായ കേവലം പരാഭവധ്വനി
വരാതെവർത്തിച്ച സദാചാരാധ്വനി.
പ്രവഹിച്ചീട്ടുന്നുണ്ടിവിടെ സ്വർദ്ധുനി
ഭുവനപാവനി സുജനാഹ്ലാദിനി;
ഉപനിഷദ്രത്ന നിചയത്തിൻ ഖനി
യപരമല്ലിതേ തപോധനാവനി;
ഭഗവദ്ഗീതയ്ക്കുമിവിടെത്താൻ ജനി
നിഗമപ്പൂമണം കിളുന്നിടും വനി;
ഭരണദൈവതം നഗേന്ദ്രനന്ദിനി
സ്മരാവിമാഥിതൻ ഹൃദയാനന്ദിനി;
മഹിമവേണ്ടതെന്തിതിലും മേലിനി
മഹീജനനി! നീ സുകൃതശാലിനീ

2. മഹിമകളേവ മിണങ്ങുമീ മന്നിൽ
മഹിമകൾതൊട്ട മഹിളാരത്നങ്ങൾ

മഹിതാദർശങ്ങൾക്കുദാഹരണങ്ങൾ
മഹിതൻ മംഗല്യമണിപ്പുത്രക്കങ്ങൾ
പ്രഭവിച്ചാർ മുന്നം ശുഭസതീവ്രത
പ്രഭവിതറിട്ടും കനകദീപങ്ങൾ!

അവർണ്ണനീയമാ മവർതൻവൈഭവം
സുവർണ്ണദീപ്രമാം സുവർണ്ണമാലയിൽ
ഭവനഭിത്തിമേൽ വിളങ്ങുന്നുണ്ടിന്നും
വിവർണ്ണമായിട്ടില്ലതിൻെറ വൈശദ്യം.

3. തന്നതിസ്ലാംമത മതന്ദ്രഭക്തിയാ-
ന്നനഘശീലനായനുഷ്ഠിക്കുമ്പോഴും
സനാതനധർമ്മപരായണന്മാരി
ലനാദരമേതു മിയന്നിടാതെയും

സമാനഭാവനച്ചരടിനാൽ ഹിന്ദു-
സമാജവുമിസ്ലാം സമാജവുമൊന്നായ്
ഇണക്കിച്ചേർത്തു മുൽബണപ്രതാപനായ്
ഗുണജ്ഞനാമക്ബറവനി വാഴുന്നാൾ

പരന്തപൻ മീവാർ പുരേന്ദ്രനാം നൃപൻ
പുരന്ദരോപമ നമന്ദവിക്രമൻ
ചിരന്തനോന്മിഷൽ സ്വതന്ത്രഭാവത്താൽ
കരാകൊടുത്തീലാ മുഗിളർക്കൊന്നുമേ.

പുകൾപെരുകുമപ്പുരിതൻമാംഗല്യ-
ത്തികവായ് രാജന്യ കുലതിലകമായ്

സകലസദ്ഗുണ മണിനിലയമായ്
അകന്മഷപ്രേമ വികാസരംഗമായ്
മലർമകളുടെ നവാവതാരമായ്
വിലസിറാണതൻ മഹിഷി 'മീരാബായ്'

4. പ്രതാപശാലിതൻ പ്രണയിനീപദം
നിതാന്തമേവർക്കും കൃതാർത്ഥതാസ്പദം.
ഭരണച്ചെങ്കോലും കരഗതമെങ്കിൽ
പറയണോ പിന്നെപ്പുരന്ധ്രിതന്മദം?
ധൃതാദരം വാഴ്ത്തും കൃതകഭക്തനെ
സ്മിതാർപ്പണത്തിനാൽ കൃതാർത്ഥനാക്കാനും
കൃതാപരാധനെ ഭ്രുകുടിഭംഗത്താൽ
കൃതാന്തഗേഹത്തിലതിഥിയാക്കാനും
നിപുണമാണല്ലൊ നൃപരമണിതൻ
വിപുലവൈഭവമിയന്നിടും പദം.

5. കൃപാരഹിതമായ് പരാർത്ഥനത്തിനാ-
യുപകരിച്ചീട്ട മുപായമായല്ലാ
നൃപകുലവധൂ ലലാമം കല്പിച്ച-
തപാരമായ തന്നപാരതന്ത്ര്യത്തെ.
സ്വരാജഭോഗത്തിൽ വിരാഗഭാവവും
വരാഗനാധമ്മ പരായണത്വവും
പരാപകാരത്തിൽ പരാങ്മുഖത്വവും
പരാൽപരങ്കലത്യുദാരഭക്തിയും

വരാഗ്രമീരയിൽ തെളിഞ്ഞു കാണായി
പുരാണനായികാ മണികളിൽപോലെ.

6. അരമനചൂഴ മലർവനികയിൽ
കരളംകവരുന്ന പരിസരങ്ങളിൽ
പരമരമ്യമായൊരാലയം നിർമ്മി-
ച്ചരനിമിഷവും പിരിഞ്ഞിടാത്തതിൽ
കരിമുകിൽവർണ്ണൻ തിരുവടിയുടെ
ദുരിതഹാരിയാ മരിയ വിഗ്രഹം
പരിചരിച്ചുംകൊണ്ടിരുന്നാളന്നിളാ-
പരിവൃഢാഗ്രണി വരിച്ച പെണ്മണി.

7. കിനാവിലുമന്യ നിനവവൾക്കില്ലാ
വിനാഴിക വേറേ വിനോദവുമില്ല
കനകഭൂഷകളണിയുമാറില്ലാ
വിനയത്തിന്നേതു മിളപ്പവുമില്ലാ.
വഴിയും പ്രേമത്തേൻ പൊഴിയും ശ്രീമുഖം
മൊഴിയുമാറില്ലാ പഴിയൊരിക്കലും.
കടലൊലിവർണ്ണനുടയ ലാവണ്യ-
ഛടയിലാറാടി സ്ഫുടകുതൂഹലം
വിളയാടീടുന്നോർക്കിതരകാര്യത്താ
ലിളകുമാറുണ്ടോ കരളൊരിക്കലും?

8. തിരുമുടിക്കെട്ടിൽ വിരുതെഴുംമട്ടിൽ
തിരുകിന പീലി ത്തിരുളുകളോടും

നിടിലദേശത്തിൽ പരിലസിച്ചീടും
കുടിലകുന്തളച്ചുരുളുകളോടും
വളർപുരികങ്ങൾക്കിടയിലായ്ത്തൊട്ട
കളഭകുങ്കുമത്തൊടുകുറിയോടും
ഗളതടത്തിങ്കൽ തെളു തെളെച്ചിന്നി-
ത്തിളങ്ങുംകൌസ്തുഭദ്യുതിതതിയോടും
കലിതകൌതുകം കഴുത്തിൽചാത്തിയ
പുലിനഖകാന്തിപ്പൊലിമകളോടും
വിരിവേറുംമാറിൽ പരിണതാഭമായ്
സ്ഫുരിക്കും ശ്രീവത്സ ത്തിരുമറുവോടും
അരഞ്ഞാണിൽ ഞാലുമരമണിയോടും
ചരണത്തണ്ടിലെച്ചിലമ്പുകളോടും
ഉടലിലെങ്ങുമേ വഴിഞ്ഞൊഴുകീടും
വിടൎന്നകായാമ്പൂവിൻ മലരൊളിയോടും
അദയമാഭീര ഹൃദയകോരകം
വിദളിതമാക്കും മുരളികയോടും
അയതന്മാരെയും മയക്കിയാനന്ദ-
ക്കയത്തിലാഴ്ത്തീടും മൃദുസ്മിതത്തോടും
വിളങ്ങുംഗോകുല തിലകവിഗ്രഹം
വളൎന്നിടും ഭക്തിത്തികവോടനഹം
വളൎത്തിപ്പോന്നാളക്കുലസ്ത്രീരത്നമുൾ-
ക്കളത്തിച്ചുരുപവനഗൃഹത്തിലും.

---

# ദ്വിതീയഖണ്ഡം.

## (മാകന്ദ മഞ്ജരി)

1. നൂതനദാമ്പത്യലീലയിലാനന്ദ
ഗീതങ്ങൾനിർമ്മിച്ചദ്ദമ്പതിമാർ
സാദംപെടാതെ വിഹരിച്ചിരുന്നു,സ
മ്മോദപരവശമാനസരായ്.
നിർമ്മലപ്രേമമന്ദാകിനിയിങ്കലെ
മർമ്മരമായ നർമ്മാലാപങ്ങൾ
ആവധുവല്ലഭജീവിതാരാമത്തി
ന്നാനന്ദശീതളോല്ലാസമേകി.
പ്രേമമാം പൊയ്കയിലാഹൃദയദ്വയ
മോമൽക്കലികകളെന്നപോലെ
കോമളമായ്‌വിടർന്നെങ്ങുമവയുടെ
തൂമണംവീശിസ്സമുല്ലസിക്കേ
ഭിന്നദശകളണഞ്ഞവതന്നവി-
ഛിന്നപ്രണയം വിഭിന്നമാക്കി.
ഭൂപൻതന്നാസ്ഥാനമണ്ഡപത്തിണ്ണമേ
ലാപതിച്ചീടുക കാരണത്താൽ
നൈസർഗ്ഗികമായ വാസനയും മൃദു-
ഹാസപ്പൊലിമയുമററകഷ്ടം,
പൊന്മലരൊന്നു വിവർണ്ണമായ്ത്തീർന്നു-ഹാ
നന്മകളിങ്ങിനെ മങ്ങുന്നല്ലൊ!
സ്വാഭാവികാമോദമേതും കുറഞ്ഞിടാ
താഭാവിശേഷവികസ്വരയായ്

ലാലസിച്ചുകലികാന്തരം പൊയ്കയിൽ
മാലണയില്ലാ നിലയ്ക്കുനിന്നാൽ.

2. ആവധുമാലതൻ ജീവിതച്ചേതികൾ
ഭൂവരന്നേതും രുചിച്ചതില്ലാ.
രാജസരീതിയിൽ നാൾകഴിച്ചീടേണ്ടാ
രാജകുടുംബിനിയിപ്രകാരം
ഹാ—പരിവ്രാജികയാകയോ—ഗൌരവ
ലോപമിതിൽപരമെന്തുവേറേ.
കിന്നരിമാർകളും പാടിപ്പുകഴ്ത്തുന്ന
തന്നപദാനങ്ങളെന്നിരിക്കെ
സന്ന്യാസമാണുതൻ ദാരങ്ങൾക്കെന്നതെ-
ന്തന്ന്യായ-മെന്തപഹാസ്യകാര്യം!
എന്നുമല്ലാവധുവത്രവിശ്വാസ്യയ-
ല്ലെന്നു ശങ്കയുമാന്നു മന്നൻ.
ആശങ്കയാം വിഷലേശമാർക്കാനുമൊ
ന്നാശയത്തിങ്കൽ കടന്നുപെട്ടാൽ
ക്ലേശകലുഷിതമാകുമേ ജീവിതം
നാശഗതിക്കുതന്നെമാർഗ്ഗം!

3. ഏവംതപസ്വിനീഭാവമംഗീകരി
ച്ചാവസുധേശ്വരി വാഴുംകാലം,
ആവഴിക്കങ്ങുവന്നെത്തി രണ്ടാളുകൾ
കേവലാ തീർത്ഥോപവാസവേഷർ.

റാണിതൻ പൂജാഗൃഹാങ്കണത്തിങ്കൽത്തൽ
പാണിയുഗളങ്ങൾ കൂപ്പിച്ചെമ്മെ

ഏകാഗ്രധ്യാനനിരതരെപ്പോലവ
രേതാൻനിമിഷങ്ങൾ നിന്നിടുമ്പോൾ

ആവിർഭവിച്ചാളകത്തുനിന്നിന്ദിരാ-
ദേവിയെപ്പോലെഴും പാവനാംഗി.

രാജന്യലക്ഷ്മിതൻ സൌജന്യമുദ്രക
ളാജന്മശുദ്ധയാ മാവധുവിൽ

കാവിയുടുപ്പിന്നിടയിലുമേതുമൊ-
ന്നാവിലമാകാതെ കാണമാറായ്.

യൌവനശ്രീമയമെങ്കിലുമുദ്ധത-
ഭാവമശേഷമിയന്നിടാതെ

പാവനമാമുഷസ്സന്ധ്യപോൽ ശാന്തമാ
ണാവരഗാത്രിതൻ സൌകുമാര്യം.

ലൌകികവ്യാമോഹകീടകമുൾപ്പൂവിൽ
പൂകി,യതിൻസുഷമയ്ക്കു ഭംഗം

ഏകിടുമാറില്ലെന്നോതീ മൃദുസ്മിതം
തൂകീടുമാമധുരാസ്യബിംബം.

നീലക്കാർവർണ്ണൻതന്നോലക്കമൊളിന
കോലക്കുഴൽപൊഴിപ്പോരുഗീതം

ആരാൽശ്രവിക്കയൊലാരാജീവാക്ഷനെ
ച്ചേരാനുഴറിടും ഗോപിപോലെ

E.334

ആകാംക്ഷാഭാവമിയന്നുപാടീടിനാൾ
രാകാശശാങ്ക സുമുഖിയേവം:—

4. "ആനകദുന്ദുഭിതാനനുനേടിയ
പീനസുകൃതവിപാകമായും
ദേവകീദേവിതൻ പ്രേമപ്രസൂനത്തിൻ
പാവനമായൊരാമോദമായും
നന്ദഗോപക്കും യശോദക്കുമെന്നെന്നും
കന്ദളിതാനന്ദകേന്ദ്രമായും
ഗോപികമാരുടെ മാനസദ്യോവിങ്കൽ
വ്യാപിച്ച വാറൊളിത്തിങ്കളായും
ഏകാഗ്രസത്ഭക്തിവ്യഗ്രരാം മാലോക
ർക്കാകാരംപൂണ്ടൊരാനന്ദമായും
നെഞ്ചകമാക്കും കുളുർപ്പിച്ചുചെഞ്ചമ്മേ
സഞ്ചരിപ്പോരു സംഗീതമായും
ലാലസിച്ചീടുമെൻ ദൈവതമാകിയ
ബാലഗോപാലകൻ വെൽവൂതാക!
ദേവകീനന്ദന! ദേവ! ജനാർദ്ദന!
ഭാവനാമോഹനസംഹനന!
ശ്രീവനമാലചേൎന്നുല്ലസിക്കുന്ന നിൻ
പാവനാകാരമെന്മാനസത്തിൽ
ലീലയാടീടുമാറാക നിരന്തരം
നീലക്കാർവൎണ്ണ! നിൻകാരുണ്യത്താൽ.

ഓലക്കമൊന്നു നിന്നോടക്കുഴലിലെ
ലോലസ്വരാമൃതധാരയിങ്കൽ

ആറാട്ടമാറാകവേണം,മൊരിക്കലും
മാറാതെന്മാനസ രാജഹംസം.

മായയാം മാറാലതൻമറവാൽ മറന്നു-
മായനിൻ സച്ചിദാനന്ദരൂപം

മായാമനോഹര! കാണാനവസര
മായാലെൻജീവിതം പാവിതമായ്.

കണ്ണാ! കടലൊളിവർണ്ണാ! കുവലയ
ക്കണ്ണാ!വന്നാലുമെൻകണ്ണിലുണ്ണി!

ഓമനശ്രീമുഖത്തിങ്കളിൽത്തങ്കിടും
തൂമന്ദഹാസക്കുളർനിലാവും

കാർമണ്ഡലദ്യുതിയാളും വാർകുന്തള-
സ്തോമത്തിൽചാഞ്ചാട്ടം പിഞ്ഛികയും

പാവനമാം തിരുമാറിങ്കൽ ചെമ്മേമാം
ശ്രീവനമാലയും കൌസ്തുഭവും

കുഞ്ഞിക്കരത്തിലഗ്ഗോകുലമാകവേ
രഞ്ജിപ്പിച്ചീടും മുരളികയും

മെയ്യാസകലവുമിന്നതെന്നോതുവാൻ
വയ്യാത്തൊരുജ്ജ്വലമഞ്ജിമയും

കണ്ടുകണ്ടാനന്ദപീയൂഷപൂരത്തി-
ലാണ്ടു ഞാൻ കോൾമയിർക്കൊണ്ടിതാവൂ.

ധമ്മവൈകല്യമാം കാളിയനുഗ്രമാം
കന്മഷദുർവിഷജ്വാലയാലെ

പാരാവിരളമായ്ത്തീൎത്തോരിജ്ജീവിത
സ്സൂരജാവാരിയെപ്പൂതമാക്കാൻ

ഓടക്കുഴലിൽനിന്നൂറിയപീയൂഷം
കൂടക്കൂടെത്തളിച്ചീടുകയാൽ,

ഹാലാഹലാന്മയാം നീക്കിജ്ജഗത്തിനെ
പ്പാലാഴിയാക്കിച്ചമച്ചവനേ !

ചിന്മയനേ! ജയ ദേവിയശോദതൻ
പൊന്മകനേ! ജയ നിമ്മലനേ!"

5. ശ്രീതങ്കുന്മൃദുഗീതസ്രവന്തിതൻ
ശീതളശീകരസ്പൎശമേല്ക്കേ

ആമലർക്കാവിലെ വല്ലികളെപ്പേരും
പൂമഴക്കണ്ണീർപൊഴിച്ചുപാടേ.

മാകന്ദമഞ്ജരി കൈവെടിഞ്ഞാസ്വര
മാകണ്ണിച്ചായതിന്മാധുൎയ്യത്തേൻ

ആകണ്ണമാസ്വദിച്ചാർ നിജ ശാരീര-
വൈകല്യാമാറുവാൻ കോകിലങ്ങൾ.

നന്ദകിശോരൻെറ പൊന്മുരളീസ്വരം
വൃന്ദാവനത്തിൽപണ്ടെന്നപോലെ

ഇന്ദമൃതോപമമാകുമിഗ്ഗീതംകേ-
ട്ടിന്നതൊന്നോരാത്ത ഭാവത്തോടെ

നിന്നുമാമ്പേടകൾ നിന്നിമേഷങ്ങളായ്
എന്നുവേണ്ടെങ്ങുമാനന്ദമായീ.

6\. കണ്ണവും കണ്ണും കരളുമാനന്ദമാ
മണ്ണവത്തിങ്കലാറാട്ടംവണ്ണം

അണ്ണവവണ്ണാനുവണ്ണനമേവമാ
കണ്ണനാചെയ്യൊരഭ്യാഗതന്മാർ

അമ്പരനാമരന്ദോപമച്ചൊല്ലാൾതൻ
ചമ്പകപ്പൂവൽമെയ് നോക്കിനില്പായ്.

7\. മാനസോദ്വേഗമേതാനും ശമിച്ചപ്പോ-
ളാനതരായവരേവമോതീ:—

ഇന്നുസുദിനമേ ഞങ്ങൾക്കിദ്ദൎശന
മൊന്നുകൈവന്നതു കാരണത്താൽ.

കന്നുമേച്ചീട്ടും കിടാങ്ങൾതൊട്ടൂഴിവാ—
ഴുന്ന മുഗിളർക്കരചനോളം

സ്ഥാനവലിപ്പച്ചെറുപ്പങ്ങളോരാതെ
മാനവന്മാരേകഭാവനയാൽ

ഏതനവദ്യചരിത്രൻകീൎത്തന
ഗീതങ്ങളാലാപിച്ചാനന്ദിപ്പൂ—

മീചാർമഹീതലം കണ്ണിനാൽകാണാകും
ശ്രീവാഴുംമന്ദിരമായതാരാൽ—

ദ്വാരകയിങ്കലടഞ്ഞുകിടന്നൊരാ
ദ്വാരങ്ങളിന്നു തുറന്നതാരോ—

ആ വിശ്വവന്ദ്യയാം ദേവിയെക്കാണുകയാൽ
ജീവിതസാഫല്യം നേടി ഞങ്ങൾ.

ഭൂവിനെ ദ്യോവിലേയ്ക്കുന്നമിപ്പിച്ചിടും
ദേവി! സുമംഗലി! വെൽവൂതാക."

8\. ആ രാജയോഗിനി ചൊല്ലിനാളുത്തരം
സ്ഫാരാദരമതിനിപ്രകാരം:—

ദേവിയല്ലല്ലിവൾ ദേവകീസൂനുവിൻ
സേവിനിയായൊരു ദാസിമാത്രം.

ദേവനിങ്ങേക,നതെൻപുരാൻ,മററുള്ളോ
രേവരുമതൽപദപത്മദാസർ.

ഗോകുലമീയല്ല,കാളുകളാഭീര
സ്ത്രീകുലമെന്നു ഞാൻ നണ്ണിടുന്നേൻ.

വൈഭവമില്ലിവൾക്കേതു—മിജ്ജീവിത
മാ ഭഗവാനായുഴിഞ്ഞുവെച്ചേൻ.

കേവലം മൃണ്മയഭാജനമാമെന്നിൽ
പാവനമാകിയ ജീവനത്തെ

ദേവനൊഴിച്ചുനിറയ്ക്കുന്നു കാരുണ്യ-
ഭാവനമൂലമനവരതം!

കോമളച്ചെഞ്ചോരിവായ്മലർവർഷിക്കും
തൂമധുത്തുള്ളികളെന്നപോലെ

മാമകജീവനാളോന്മുരളിയിൽ
പ്രേമസംഗീതമൃദുസ്വരങ്ങൾ

താമരക്കണ്ണൻതിരുവടി പാടുന്നു
താമസഭാവമകലുംവണ്ണം!"
മീലിതമായ്മിഴിയാമഹിളാകുല-
മാലികനിത്തിനാറം വാക്പ്രസരം.

9. തെല്ലിടചെന്നപ്പോറം കൺതുറന്നാറം വീണ്ടും
ചൊല്ലിനാനന്നേരത്തേകനേവം:—
"മോഹമമ്മദേന്ദ്രനാമമ്പക്കുമുണ്ടുപോൽ
മോഹമിപ്പൂവഞ്ചും മേനികാണ്മാൻ.
ഹാ ഹന്ത! ജാതിമതാദി വ്യതീതമാം
സ്നേഹംതഴച്ച ഭവച്ചരിത്രം
ആരാരിലാണെന്നത്തീടാത്തതാദര
മാരാധനീയ ഗുണോൽകഷത്താൽ!"

10. സ്ത്രീജന്മസിദ്ധമാം സ്വാഭിമാനത്തിനാൽ
രാജപുത്രാംഗനാരത്നമോതി:—
"ആയതബുദ്ധിമാനായവനാധിപൻ
മായത്താൽവന്നിങ്ങതിക്രമിച്ചാൽ
ആയത്തമായ്തരുമാപത്തീരാജാനപ-
വായത്തിൻവീഴ്ചവും കാണാമപ്പോറം."

11 ചൊന്നാനതിന്നായാറം "അന്യായകർമ്മങ്ങ-
ളെന്നാളുമാചരിക്കില്ലാമന്നൻ.
മാനവധർമ്മശാസ്ത്രജ്ഞനാണദ്ദേഹം
മാനമര്യാദകളാചരിപ്പോൻ;

മാനനീയാനപായജാത, സുക്ഷത്രിയ,
മാനസിംഹാനുജയാണു പത്നി;
ആ നിലയോക്കിലും ബാഹുജവംശത്തെ
മാനിക്കയേയുള്ളു മാനവേന്ദ്രൻ!
പോകട്ടെയക്കഥ,യക്ബർവരുന്നേര-
ത്താകട്ടെയീദൃശചിന്തനങ്ങൾ.
വൈകല്യമറേറാരെൻ സ്നേഹോപഹാരമായ്
സ്വീകരിക്കേണമിപ്പുഷ്പഹാരം."

12. ഇത്രയുമോതിയാ യാത്രികൻ,മീലിത
നേത്രയാം റാണിതൻ പാണിയിങ്കൽ
ഹാരമൊന്നർപ്പിച്ചു, തോഴനോടൊന്നിച്ചു
പാരംത്വരിതമായ് നിർഗ്ഗമിച്ചു.

13. ധ്യാനസ്തിമിതയായ്തെല്ലിടനിന്നവാ-
റാനന്ദകന്ദളിതാനനയായ്
മാനഞ്ചുംകൺകൾതുറന്നുതൻകയ്യിലെ
ദ്ദാനത്തിൽദൃഷ്ടിനടത്തിദേവി.
ആശ്ചര്യം;മാമലർമാലയല്ലകത്തൊളി
വാച്ചവൈരോജ്ജ്വല രത്നഹാരം!
വാരാണ്ട താരാപഥത്തിൽവിരാജിക്കും
താരാവലിയ്ക്കു സമാനമായി.
ജ്യോതിസ്സുലിംഗസ്ഫുരണത്താലാഹാരം
ഭേദിച്ചുതാമിസ്ര ഗഹ്വരത്തെ.

# തൃതീയഖണ്ഡം.

(പാന.)

1. ഹാരമൊന്നപഹാരമായിയിടെ
ഭൂരമണമഹിഷിയ്ക്കു കിട്ടിപോൽ;
ആരതേകിയതെന്നറിഞ്ഞീടുവാൻ
ചാരന്മാർനെട്ടനീളെ യോടുന്നുപോൽ!'

വൈരമാണുമുച്ചൂടു,മതിൻപ്രഭാ
പൂരമാദിത്യകോടിയോടൊക്കുംപോൽ,
ഭാരതേശ്വരഭണ്ഡാരമാരാനും
ചോരണംചെയ്തതായിരിക്കേണംപോൽ!'

തൊന്നറിഞ്ഞിട്ടില്ലെന്നോവിശേഷമാ-
സ്ഥാനമണ്ഡപത്തിങ്കലുണ്ടായതും?
ഞാനതിപ്പൊഴേ കേട്ടുള്ളൂ, കഷ്ടമേ!
മാനക്കേടായരചനും നാട്ടിനും.'

ആമനോഹരഹാരംമുഗിളർകോ-
നാമരചന്റെതാണുപോൽ,ദൈവമേ
ശ്രീമതിയായ തമ്പുരാട്ടിക്കതോ
ക്ഷ്മാമണാളനാണത്രേ കൊടുത്തതും'

‘എന്തുസംബന്ധ, മെന്തോരസാംഗത്യ
മെന്തധിക്ഷേപമാണീപ്രലപനം
ഹന്ത! ഹൈന്ദവക്കോട്ട ഭേദിക്കുവാൻ
ചിന്തചെയ്യുമോ മ്ലേച്ഛൻ കിനാവിലും?

[library stamp]

വെന്നിരുന്നുപോലാഗ്രാനഗരിയിൽ
നിന്നിരുവരൊരുദിനം സന്ധ്യയിൽ.
ഇന്ദിരാരമണന്നുപഹാരമായ്
നന്ദിയോടവർനല്കിയാമാലപോൽ! '.

2. കാര്യകാരണബന്ധമോക്കാതെയും
കാര്യഗൌരവമാലോചിയാതെയും
ആര്യശീലരിൽ ദൂഷണാരോപണം
ക്രൌര്യമാണെന്നറിയുന്നില്ലാളുകൾ.

ശ്രീമാന്മാരിൽ പഴിചുമത്തീടുവാൻ—
ആമാടങ്ങളും പുഴക്കുത്തുകാണുവാൻ—
നാമാശിക്കുന്നു,—ലോകാന്തരംഗമേ!
സീമാതീതമേ, ഹന്ത!നിൻകൌടില്യം.

3. ഭൂവരേന്ദ്രനാം ഭാവാംപകന്നുപോയ്
സ്വാവരോധത്തെത്തീണ്ടിയോ മ്ലേച്ഛന്മാർ?—
ഹാ!വരാർഹയാം മീരതൻചാരിത്ര-
ശ്രീ,വരാകൻ യവനൻ നിഹനിച്ചോ?

തപിട്ടാളും മണിമാല്യം യവനസ-
മ്രാട്ടാമക്ബർക്കായ്ത്തീർത്തതാണീയിടെ.
കൊട്ടാരത്തിലെ ത്തട്ടാനിൽനിന്നതിൻ
പട്ടാങ്ങും വെളിപ്പെട്ടുവിതർക്കമായ്.

4. ആളനേകം നിറഞ്ഞസദസ്സിലേ-
ക്കാളയച്ചു വരുത്തി മഹിഷിയെ.

കാളസർപ്പോഗ്രഭാവൻ നരാധിപൻ
കാളകൂടം വമിച്ചു വചോമയം:—

"ശംസനീയമാമെൻ കുലവൈഭവം
ധ്വംസനംചെയ്തു പാംസുലേ!ദുർഭഗേ!
കംസവൈരിഭജനം വിടജന
സംസർഗ്ഗത്തിനോ ദുഷ്ടേ!വരിച്ചു നീ?

"വാതിൽ ബന്ധിച്ചുപൂട്ടി നർമ്മോക്തിക
ളോതിടുന്നതെനിക്കുപലപ്പൊഴും
കാതിലേല്ക്കായ്ക യല്ല,പക്ഷേ,യതി-
ജ്ജാതിയാണെന്നറിഞ്ഞിരുന്നില്ലഞാൻ.

"സ്വൈരിണീ! ദുരിതാത്മികയായ നിൻ
പേരിനി ശ്രവിച്ചീടരുതിദ്ദിക്കിൽ.
നീരിലും നിഴലിങ്കലും നീഢമായ്
നേരിട്ടീടരുതാരുമെൻനാട്ടുകാർ!

"ആരവിടെ?—ത്വരിതമിഭ്രഷ്ടയെ-
ജ്ജാരസംസർഗ്ഗ പാപനികൃഷ്ടയെ-
നേരംനാളെപ്പുലരുന്നതിൻമുമ്പെ—"
ഭൂരമണൻ നിരുത്തിയിടച്ചയാൽ.

5. നോക്കിനില്പായമാത്യർ നിശ്ചേഷ്ടരായ്,
വാക്കിടറിക്കുഴങ്ങും നരേന്ദ്രനെ.
പാഴ്ക്കിനാവൊന്നു കാണ്മതായ്ത്തോന്നിയാ
ലാക്കിൽ രാജ്ഞിയാൾ,ക്കെന്തോവിധിമതം

ഉച്ചണ്ഡാദേശപാരവശ്യത്തിനാ
ലുച്ചരിക്കുവാൻ ശക്തനല്ലായ്കയാൽ
അച്ചപലനൃപാലകൻ തൻമനോ
നിശ്ചയം കടലാസ്സിൽ കുറിച്ചതേ:—

"മാമകകുലാംഗാരമായ്ത്തീർന്നൊരി
ധൂമകേതുവെ-വീരാഭിധാനയെ.
നാമശേഷയാക്കേണം പുലരുംമു"
ന്നാമട്ടാജ്ഞയായ് ത്തൃക്കൈക്കുറിപ്പിനാൽ.

6. നീട്ടുവാങ്ങുവാനാരുമവിടക്കെ
നീട്ടന്നില്ലെന്നുകാങ്കയാൽ മന്നവൻ
ചാട്ടുവാർകൊണ്ടടികൊണ്ടപോലെ മു
ന്നോട്ടുചാടിക്കയെക്കയായിങ്ങിനെ:—

"അധിക്കാരത്തിന്നൊരാറമില്ലാതെയായ്
സർക്കാർജീവനക്കാർക്കു മെന്തായിതോ?
മുഷ്ക്കാളുന്ന കൃതഘ്നഹതകരെ
നിഷ്കാസിച്ചേ നമുക്കു ഉണ്ണാവതു.

"മോറിത്തം മുഴുത്തോരിക്കൃപണരെ
മാറിനിത്താനില്ലാക്കും ഘൃണയെന്നോ?
ഏറ്റിടട്ടെ കഴുവിൻപുറത്തുന്നും
ചോറ്റിൽക്കല്ലിട്ട കള്ളപ്പരിഷയെ."

7. ഏവംകോപാകലൻ നൃപാലകൻ
ചീറാപ്പാമ്പിൻ കണക്കിൽ കയർക്കേ'

ക്രൂരവാക്കും സചിവാഗ്രിമൻ കരൾ
നീരമ്മാറേവമോതീ സഗൽഗദം:—

"അററകുററം വരാതെകണ്ടായുസ്സി
ന്നാററത്തോളമെൻ തമ്പുരാക്കന്മാരെ
ഉററക്കുറോട്ട സേവിപ്പതിന്നു, പാ-
ഴ്‌ററതാമെൻ തലയിലെഴുതീലാ.

"കാര്യസാരജ്ഞ, സാദ്ധ്വീലലാമ,മെ
ന്നാര്യയാംദേവി, യയ്യോ ശിവ ശിവ!
ഭാര്യമാക്കൊരു മാതൃക,ഭത്താവിൻ
ക്രൌര്യമേല്ക്കുമാറായതെന്തക്രമം

"അൻപുവേറിട്ടു വാഗഗ്നിഷംതേച്ചു കൂ-
രമ്പുകളവിവേകിയായ്ത്തമ്പുരാൻ
തൻപുരാപുണ്യസമ്പാദനീപാകമാം
തമ്പുരാട്ടിയിലയ്യോ! തൊടുത്തില്ലേ?

"തൊട്ടതൊക്കെയും തങ്കമാക്കുംകനൽ
ക്കട്ടയായയൊരെൻ തമ്പുരാട്ടിയ്ക്കുമേ,
കെട്ടവൃത്തിയാരോപിക്കുവാൻ മിന്ന-
ക്കെട്ടനാവുകൾ പാഴിലായ്പോകണേ!"

8\. ഏവമോതിയാമന്ത്രി, വയോധികൻ,
പാവം, കണ്ണീർപൊഴിയും മിഴിയുമായ്
സാവധാനം പുറപ്പെട്ടു, രാജാവിൻ
സേവകന്മാരിതരരും പിന്മാറി.

പോയയാരേവരു, മസ്സഭാവേദിയിൽ
ജ്ജായയാവല്ലഭന്മാരവർ മാത്രമായ്
ആയാസപ്പെട്ടു ഗദ്ഗദവാണിയായ്
പ്രേയാനോടരുഗം ചെയ്യാഗം പതിവ്രതഃ—

൭. "ഭത്താവേ! മമ നിഗ്രഹാനുഗ്രഹ
കത്താവായോരവിടുന്നു കല്പിക്കിൽ,
നിദ്ദ്രാക്ഷിണ്യമിജ്ജീവൻ വെടിഞ്ഞീടാ,
മിദ്ദാസിക്കില്ലതിങ്കൽ പരിഭവം

"ലോകസാക്ഷിയായെങ്ങാ വിളങ്ങിടും
ശ്രീകണ്ഠവൻ തിരുവടിതന്നാണെ
ഏക,നങ്ങ,ന്നൊഴിഞ്ഞൊരു മത്ത്യനെ
സ്വീകരിക്കയെ,ല്ലോത്തിട്ടുമില്ല ഞാൻ

"ഞാനകക്കാമ്പിലോത്തസവ്വത്തിനും
ഞാനനുഷ്ഠിച്ച സവ്വകമ്മത്തിനും
ഞാനരുളിയ സവ്വവാക്യത്തിനും
ജ്ഞാനരൂപൻഭഗവാൻ പ്രമാണമാം.

"വിശ്വസിക്കുന്നില്ലങ്ങന്നിതെങ്കിലോ
വിശ്വനാഥനറിയും പരമാത്ഥം
നശ്വര മിജ്ജഡമെന്തി,നാത്മാവ
ശ്ശാശ്വദാനന്ദസത്തയിൽ ച്ചേരട്ടേ.

"പോയ്പ്പരട്ടെ,ഭവാനെത്താൻ വേഗക്കുമാ-
റായ്പ്പരട്ടെ യിനിയൊരുജന്മത്തിൽ."

ഏവമോതിയ സ്സ്വാധിപതിയുടെ
കാൽവണങ്ങി പ്പുറത്തേക്കിറങ്ങിനാൾ.

അംഗലാവണ്യപുണ്യനികായമാം
മംഗലാംഗീമണിയോടുകൂടവേ
മംഗലാത്മികയാം ഗൃഹലക്ഷ്മിയും
മങ്ങലാൎന്നവിട്ടന്നുടൻ പിന്മാറി.

---

# ചതുർത്ഥഖണ്ഡം.

(നരകവൈരിയാമരവിന്ദാക്ഷൻെറ
ചെറിയനാളത്തെക്കളികളും' എന്നമട്ട്.)

1. അരചനെയ്യൊരു വചനനാരാചാ
കരളിലോറതി ചകിതയായ്
അരമനവെടിഞ്ഞിരവിലാനര
വരമനോരമ തിരികയായ്.

2. കരകാണാതുള്ളൊരഴലാമാഴിയിൽ
കരളുഴിഞ്ഞേവമുഴലാനോ
പരമഭക്തയീരമണിചെയ്യുന്നിൻ
ചരണസേവനം ഭഗവാനേ!
അഥവാ നിൻപാദാശ്രിതരിലീദൃശ
വ്യഥയുമാനന്ദാസ്പദമാവാം-
ചിരദിദൃക്ഷിത പരമാനന്ദത്തിൻ
വരവറിയിക്കും നിഴലാവാം.

3. ഗതിയെങ്ങോട്ടെന്നും വഴിയേതാണെന്നും
മതിയിലേതുമേനിനയാതെ
സ്വപനചാരിതൻവടിവിലങ്ങിനെ
ചപലാലോലാംഗി നടകൊണ്ടാൾ.
സകലമാർഗ്ഗവും പരമാത്മാവുതൻ
നികടത്തിൽചേരുന്നതിനല്ലോ
ചിലതുനന്മലർ ചിതറിയുള്ളതാം
ചിലതുകണ്ടകാകലിതമാം.

ഇടയിലേതുമൊന്നിടറാതാനന്ദ-
മടയുന്നു ചിലസുകൃതികൾ.

പലതടവുകൾ തരണംചെയ്കിട്ടും
ഫലമാവാത്തന്യർ വലയുന്നു.

സുലഭമല്ലാൎക്കും സുഖ,മെന്നല്ലതിൻ
നിലതന്നെചിലരറിവീല.

ഗണിക,കാഞ്ചന മിവനൽകാ സുഖ
കണികപോലുമെന്നറിയാതെ,

ഉലകിലെത്രപേരവയെക്കാംക്ഷിച്ചു
കലഹിപ്പൂ കോലാഹലമോടേ!

നരകനാകങ്ങൾ കൃതകലോകങ്ങൾ
നരമനസ്സിനാൽ രചിതങ്ങൾ;

വിമലമാനസൎക്കഖിലം നാകമാം
വികൃതികൾക്കതേ നരകമാം.

* * * *

4. അടികസങ്കേതമഭിമുഖീകരി
ച്ചഭിസരിച്ചീടുന്നവൾപോലെ

അവിദിതഭയമെവിടെക്കാണിന്നീ-
യവികലാത്മാവിൻ ഗതിയാവോ?

ഉലകിലേവരുമലഘുവിശ്രമ
നിലവരിക്കുമീ നിശയിങ്കൽ

കുലവധൂകുലതിലകമേകയായ്
വലയുമ്മാറായീ വിപിനത്തിൽ.

5. "അരുതേ സാഹസ മബലേ! രാവിലീ
യിരുളിലീവിധ മുഴലാതെ
തിരികെപ്പോയ്ക്കീവാർ പുരിയെസ്സൌഭാഗ്യ
സ്ഫുരിതമാക്കു നിന്മിളനത്താൽ.
കരാകലങ്ങി നിൻ കണവനിന്നെന്തോ
കറകലൎന്നിട്ടും മൊഴികളാൽ
ചളിതെറിപ്പിച്ചു തെളിവെഴും ചേതോ
നളിനത്തിങ്കൽത്തൻജളതയാൽ.
അവിടുന്നിച്ചെയ്യോരവിവേകം ചിന്തി
ച്ചവിതൎക്കംദുഃഖിച്ചിതുകാലം
അവശനായ് വീൎത്തുമനുശയാശ്രുക്ക
ളുവമാൎജ്ജിക്കും നിന്നവമാനം.
തിരികെപ്പോയ്ച്ചേരു പുരിയിൽ, പൌരന്മാർ
ഭരിതോത്സാഹരായെതിരേല്ക്കും!"

6. അരുളി മമ്മര മിഷത്താലിങ്ങിനെ
യനുനയോക്തികളരുവികൾ.
ഇളകിയില്ലൊരെള്ളളവുമെന്നാലും
കളമവൾ,ക്കെന്തോ വിധിമതം!
ഇളതന്മാത്തട്ടിൽ തളിർകാൽവെപ്പിനാൽ
പുളകം ചേൎത്തുകൊണ്ടനുപദം

വളരും കൂരിരുൾ വകവെക്കാതവൾ
തളരാതങ്ങിനെ നടകൊണ്ടാൾ.

7. എവിടെ?-കാണുന്നില്ലവൾതൻവിഗ്രഹ,
മെവിടെച്ചെന്നന്തർ ഹിതയായോ?

അവശയായോരീമകൾ, തന്മാറിലേ-
ക്കവനിമാതാവാൽ ഹൃതയായോ?

അതികരാളമായിരവിൻ ഭാവ, മ-
സ്സുതിയെക്കാണാതായൊരിടത്തും;

എതിരേ കല്ലോലപ്രകടാസ്ഫാലനം
ശ്രുതിപുടങ്ങളെ പ്രഹനിച്ചു.

നിയതമായതതരമാത്മാവതൻ
ഭയദമായിട്ടുമുദരമോ

പ്രയതശീലതൻ ചരമശയ്യയായ്
നിയതിയാലഹോ വിഹിതമായ്?—

അഹിതാശങ്കകളഥവാ വേണ്ടതി
ല്ലഹിതബാധകളണയാതെ

മഹിതാദൎശ്യാമവളെപ്പാലിപ്പാ
നഹിവൃന്ദാഹിതധ്വജനില്ലേ?

* * * *

8. "ഇതുതാനോ വൃന്ദാവനം, ദേനോവൃന്ദ
ഭിദുരമാമഭിനവനാകം?

കടൽവർണ്ണൻതിരുവടിതൻചേവടി
തടവും പൂമ്പൊടി തഴുകിയും

ലളിതമാമോടക്കുഴലിൻ മാധുരീ
ലഹരിയിൽപ്പാടേ മുഴുകിയും

അകൃതകാനന്ദമനുഭവിച്ചീടും
സുകൃതകേദാരമിതുതാനോ?

കൊടിയപുണ്യ മിന്നിവിടെ ക്കാണുംപൂൽ
ക്കൊടികൾ നേടുന്നു, സുകൃതികൾ!

അടിയനോ മായാമറവാൽ ദൈന്യത്തി
ന്നടിയിലാപ്പെട്ടു വലയുന്നു.

അരചനാകിലെന്തമരനാകിലെ,
ന്തരതി തത്തിരുവടിയിങ്കൽ

വരികിലപ്പേരും പെരുമയുംപാഴിൽ;
ദുരിതമൊന്നുതാൻ ഗതിപിന്നെ!

മഹി ഭരിച്ചിടും മഹിമയെക്കാളും
മഹിതമിബ്ഭുവിൽ തൃണജന്മം.

കുഹനാബാലനാം വനമാലാധരൻ
വിഹരിച്ചിട്ടുന്ന തിതിലല്ലോ!

ഇതുതാനോവൃന്ദാവനമേനോവൃന്ദ
ഭിദുരമാമിടമിതുതാനോ?"

9. യുവദിവാകര കിരണമാലയിൽ
ഭുവനമാകവേ മുഴുകവേ,

നവവികാസമാൎന്നലരുകളളി
നിവഹഗീതികേട്ടുണരവേ,

പുകഴും കാളിന്ദിപ്പുഴതൻ തീരത്തിൽ
പ്രകടശോഭമാം പുളിനത്തെ

മധുരഗാനത്താൽ മുഖരമാക്കിനാൻ
വിധുരഭാവമാൎന്നൊരുപുമാൻ.

നളിനനേത്രൻെറ കളിനിലങ്ങളാം
പുളിനവുംവൃന്ദാ വിപിനവും

കരൾകുളുൎത്തിടും പടി കണ്ടാശ്ചൎയ്യ
തരളനായിതാ ത്തരുണനും.

മലർ മകളുടെ മണവാളൻമുന്നാം
പലതരംലീലാ കലവിയാൽ

ഉലകിനാനന്ദം പുലൎത്തിപ്പോന്നതീ
മലർവനികയിൽ വളൎന്നല്ലൊ.

ഹരിതൻ ചെഞ്ചോരി മലരിൻ മാധുരി
പരിചയിച്ചേരാ വിരുതിനാൽ

പരിചേലും കോലക്കുഴലിപ്പൂകാവിൽ
ചൊരിഞ്ഞഗീതത്തിൻ സ്മരണകൾ

നിലകൊള്ളുന്നുണ്ടാമിന്നതൻ്റജത
നാലകൾക്കുള്ളിലീ യ്യുളവിലും!

10. അമിതവിസ്മയ സ്തിമിതനായേതാൻ
നിമിഷമിങ്ങിനെ നിലകൊൾകേ.

വ്രതതപസ്വിനി വടിവിയന്നൊരു
വനിതയെ ക്കാണായവിടത്തിൽ.

പുലരുംകാലത്തെ ജ്ജലദമാലയിൽ
കലരുമാധൂമ്രച്ഛവിയാന്നും

ജടിലമായും പിൻവശത്തു ചിന്നിയ
കുടിലകുന്തളാവലിയോടും

ഉദയഭാനുവിൻ കതിരിൻ കാന്തിയോ
ടെതിരിടുംദേഹദ്യുതിയോടും

ഹൃദയശാന്തിയെ പ്രതിഫലിപ്പിക്കും
വദനമണ്ഡല പ്രഭയോടും

E.334

സവിതൃദേവനെ സ്സവിനയംകൂപ്പി
സ്സവിധേ നില്ക്കുമസ്സതിയിങ്കൽ

പഥികനേത്രങ്ങൾ പതിഞ്ഞമാത്രയിൽ
പൊഴിഞ്ഞുകണ്ണുനീർ മഴപോലേ.

11. വരളുംകണ്ഠത്താൽ വിരളവാക്യനായ്
പരമദീനനായിട്ടുകിലും

തരുണികേൾക്കുമാറരികിൽ ചെന്നുനി
ന്നരുളി നീറിടും കരളോടേ:—

"അകലുഷാശയേ! സതി! ഭവൽകൃപാ
ശകലയാചക നിവനയേ!

സകലവിഘ്നവും പൊറുത്തു പാദുക
മകലുമാറെന്നിൽ ക്കനിയുമോ?

അനവധാനതയ്ക്കടിമയാകയാ
ലനഘശീലയാം ഭവതിയിൽ
വിനകളേററിനേൻ കുനയരാശി ഞാൻ-
കനലെന്നോൎത്തുപോയ്ക്കനകത്തെ!

നെറുകയിൽച്ചൂടി പ്പരിലാളിക്കേണ്ടും
നറുമലർ ച്ചെണ്ടിൻ ദളജാലം
ചിതയിങ്കൽ ചിന്നിച്ചിതറിച്ചാമ്പലായ്—
ജിതമഹോ! ജിതം! ദുരിതത്താൽ.

അഭിജനോചിത മഭിമാനംവൎജ്ജി
ച്ചഭിനിവിഷ്ടനായരിശത്താൽ
വ്യഭിചാരാദിയാ മഭിശാപങ്ങളാ
ലഭിഷംഗം ചേൎത്തേനഭിപന്നൻ.

പതിരകന്നോരാ മതിവികാസവും
പതിയിലുൾച്ചേരും മമതയും
പ്രതിഫലിച്ചതില്ലമിതമാലിന്യാ
ഹതിയാലെന്മനോ മുകുരത്തിൽ.

പടുകിനാവിൽ നിന്നതിവിവൎണ്ണനാ
യൊടുവിൽ ഞാനുണൎന്നതുനേരം
കെടുതി കണ്ടറിഞ്ഞിടുമാറായ്-വെറും
പടുതിരിയായെൻ ഗൃഹദീപം!

ഹതവിവേകനാ യഹഹ! മാനുഷ
ഹതകനാമിവനതുകാലം

കഥകേടാൽ ചെയ്യൊരപകാരങ്ങളെ
കഥനംചെയ്യൂമൺ നരികളും!
അനുചിതാചാരസ്മൃതികൾമാഴ്ക്കുവാ
നനുശയാശ്രുക്കൾ മതിയത്രേ!
അനുനിമിഷവും മിഴിനീർ വാക്കുമെ
ന്നനുഭവ, മെന്നാൽ, വിപരീതം.
ദുരിത ദന്തുര ചരിതനേഷ ഞാൻ,
പരിവാദൊദയ പരിഭൂതൻ,
എരിപൊരിക്കൊൾവൂ പരിജനങ്ങൾക്കും
പരിഹാസത്തിന്നാവപനമായ്.
അതിർകവിഞ്ഞു ഞാൻപിഴകൾചെയ്യുപോ
യതിവിശുദ്ധയാം ഭവതിയിൽ;
അതിനു മാപ്പുതന്നരുളിടേണമേ-
യഗതിയാണേ യീയടിമഞാൻ"

12. കരിമുകിലാറ സുരപഥത്തിൽനി
ന്നരിയവാർമിന്നൽ പ്പിണർപോലെ
നിരുപിക്കാത്തോരി യനുഭവമവൾ
ക്കരുളിനിർഭരാത്ഭുതമപ്പോൾ.
ചിരപരിചിത നിയമനങ്ങളാൽ
കരളുറപ്പിയന്നിട്ടകിലും
വിരഹദുസ്സഹ സ്മരണയേല്ക്കയാൽ
തരളഭാവമാന്നവളോതി:—

"അരുളിച്ചെയ്യരുതിവിടുന്നിങ്ങിനെ,
യിരുളിൽ കാണുമോ പൊരുളാരാൻ?
ഇരുൾനീങ്ങുന്നേരം പരമാൎത്ഥംകാണ്മായ്
വരുമെന്നൊന്നു താനിതിന്നൎത്ഥം.

ഭുവനഭൎത്താവിൻ ഘടനാചാതുരി
വിവരിക്കാവതല്ലൊരുവൎക്കും.
അവിടുന്നല്ലാതാരറിവൂ ലോകത്തിൻ
വിവിധമാം ഗതി വിഗതികൾ?

ഇരുൾകററിടും കനകദീപമായ്
നിരുപമാമൃതധരികയായ്
പരിലസിക്കും ശ്രീഹരിതൻചേവടി
പരിഹരിക്കട്ടേ ദുരിതത്തെ:"

* * * *

13. ചിരവിരഹിതരിവർ ജായാവര
രവിന്ദാക്ഷൻെറ കരുണയാൽ
ഉരപൊങ്ങും വൃന്ദാവനസങ്കേതത്തിൽ
സരസമിങ്ങിനെ മിളിതരായ്

14. വിജയിച്ചീടട്ടേ വിമലദാമ്പത്യം!
വിജയിച്ചീടട്ടേ സതിധൎമ്മം!
വിജയസാരഥി വിഹതികൌതുകം
വിജയിച്ചീടട്ടേ വിപുലമായ്.

ശുഭം.

☞ ഈ പുസ്തകം താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു.

മാനേജർ,

ശ്രീരാമകൃഷ്ണോദയം പ്രസ്സ്,

ഒലവക്കോടു.

# രാജയോഗിനി.

E 334



പി. ഉണ്ണികൃഷ്ണൻ നായർ, ബി. എ.